പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1969 19.06.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി.യിലെ ആശ്രിത നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി കണ്ണൂർ ഡിപ്പോയിൽ ഡ്രൈവറായിരിക്കെ 28-07-2008 -ൽ മരണപ്പെട്ട കെ. പ്രവീണിന്റെ സഹോദരനും ആശ്രിതനുമായ ശ്രീ. കെ. ജഗത്തിന് നിയമനം നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ശ്രീ. ജഗത്ത് ഇക്കാര്യത്തിൽ അപേക്ഷ നൽകിയതുമുതൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) യും (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി കണ്ണൂർ യൂണിറ്റിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരവെ 28.07.2008 -ൽ മരണപ്പെട്ട പ്രവീണിന്റെ ആശ്രിത നിയമനത്തിന് ശ്രീ. ജഗത്ത് കെ.എസ്.ആർ.ടി.സി. കണ്ണൂർ യൂണിറ്റ് അധികാരികൾ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷകൻ നിശ്ചിത പ്രഫോർമയിലുള്ള അപേക്ഷയോ അനുബന്ധ രേഖകളോ സമർപ്പിച്ചതായി കണ്ടിരുന്നില്ല. നിലവിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടയുന്ന സമയത്ത് ആശ്രിതൻ മേജറാണെങ്കിൽ മരണശേഷം രണ്ട് വർഷത്തിനുള്ളിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ കേസിൽ 28.07.2010 -ന് മുമ്പായി ആശ്രിത നിയമനത്തിനുള്ള അപേക്ഷ സർപ്പിക്കേണ്ടിയിരുന്നു. ശ്രീ. കെ. ജഗത്ത് 25.07.2009 -ൽ വെള്ളപേപ്പറിൽ അപേക്ഷ നൽകിയിട്ടുള്ളത് കണക്കിലെടുത്ത് നിശ്ചിത പ്രഫോർമയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും ഉടനടി ഹാജരാക്കുവാൻ ടിയാന് നിർദ്ദേശം നൽകുവാനും, അർഹതാ മാനദണ്ഡ |
| (സി) | 25-07-2009 -നുതന്നെ അപേക്ഷ സമർപ്പിച്ച ജഗത്തിന് ആശ്രിത നിയമനം നൽകുന്നതിന് തടസ്സമായി നിന്ന സാഹചര്യങ്ങൾ വിശദമാക്കാമോ; | | |
| (ഡി) | കണ്ണൂർ ജില്ലാ ആഫീസിൽ നിന്നും ചീഫ് പേഴ്സണൽ മാനേജർക്ക് നൽകിയ കത്തിന്മേലുള്ള നടപടി വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | പ്രകാരം ടിയാന്റെ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുവാനും ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.<br>ശ്രീ.ജഗത്ത് കണ്ണൂർ യൂണിറ്റ് അധികാരി മുഖേന സമർപ്പിച്ച 11.02.2009 -ലെ തളിപ്പറമ്പ് താലൂക്ക് തഹസിൽദാരിൽ നിന്നും നേടിയ കുടുംബാംഗങ്ങളുടെ സർട്ടിഫിക്കറ്റിൽ ടിയാന്റെ പേര് ഉൾപ്പെടുത്തി കാണുന്നു. ഈ സർട്ടിഫിക്കറ്റും അപേക്ഷകൻ വിവാഹിതനല്ല എന്ന സർട്ടിഫിക്കറ്റും, റേഷൻ കാർഡിന്റെ പകർപ്പും 30.05.2012 -ൽ കെ.എസ്.ആർ.ടി.സി മുഖ്യ കാര്യാലയത്തിൽ ഹാജരാക്കിയിട്ടുണ്ട്. ഈ രേഖകളുടെ അടിസ്ഥാനത്തിൽ ശ്രീ. ജഗത്തിന്, പരേതനായ പ്രവീണിന്റെ ആശ്രിത നിയമനത്തിന് അർഹതയുണ്ടോയെന്ന് വിശദമായ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ